**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1702** **16-10-2026-ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റ് ബസുകൾക്ക് പ്രത്യേക നിറം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** ടൂറിസ്റ്റ് ബസുകൾക്ക് വെള്ള നിറം മാത്രം എന്നുള്ള തീരുമാനം പുനഃപരിശോധിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

**മറുപടി:** 28.9.2026 ലെ സ.ഉ(അച്ചടി)നം.26/2026/ഗതാ.(എസ്.ആർ.ഒ 803/2026) വിജ്ഞാപന പ്രകാരം സംസ്ഥാനത്തെ കോൺട്രാക്ട് ക്യാര്യേജ് വാഹനങ്ങളുടെ നിലവിലുള്ള കളർ കോഡ് പുനഃപരിശോധിക്കുവാൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ടി തീരുമാനം പുനഃപരിശോധിക്കുവാനായി 13.10.2026 ൽ ചേരുവാൻ തീരുമാനിച്ചിരുന്ന സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മീറ്റിംഗ് അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും WP(C) No. 34913/2026 -ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത പുന:പരിശോധന തീരുമാനം മാറ്റിവെച്ചിട്ടുണ്ട്.

**(ബി)** കേന്ദ്രസർക്കാർ പുറത്തിറക്കിയ ഓൾ ഇന്ത്യാ ടൂറിസ്റ്റ് പെർമിറ്റ് ചട്ടങ്ങളിൽ ടൂറിസ്റ്റ് ബസുകൾക്ക് പ്രത്യേകമായ നിറം നിഷ്കർഷിച്ചിട്ടില്ല എന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(സി)** സംസ്ഥാനത്തെ ഇത്തരം നിയന്ത്രണത്താൽ വാഹന ഉടമകൾ വാഹനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്യുന്നതിനാൽ മോട്ടോർ വാഹന നികുതി, പെർമിറ്റ് ഫീസ് എന്നിനങ്ങളിൽ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി മുഴുവനായി 0041-00-102-99-00 എന്ന ശീർഷകത്തിലും പെർമിറ്റ് ഫീസ് ഉൾപ്പെടെയുള്ള എല്ലാ ഫീസുകളും 0041-00-101-99-00 എന്ന ശീർഷകത്തിലുമാണ് ഉൾപ്പെടുന്നത്. കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ലഭിക്കുന്ന നികുതി ഫീസിന് പ്രത്യേകമായി ഒരു ശീർഷകം ലഭ്യമല്ലാത്തതിനാൽ അവയുടെ മാത്രമായി കണക്ക് ലഭ്യമല്ല. കൂടാതെ ലഭിക്കേണ്ട വരുമാനത്തിൽ സാരമായ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ഡി)** എങ്കിൽ ടൂറിസ്റ്റ് ബസുകൾക്ക് പ്രത്യേക നിറം എന്ന നിബന്ധന പുന:പരിശോധിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** WP(C) No. 34913/2026 -ലെ ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് പ്രകാരം ടൂറിസ്റ്റ് ബസുകൾക്ക് പ്രത്യേക നിറം എന്ന നിബന്ധന പുന:പരിശോധിക്കുന്നത് മാറ്റിവെച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**